I/234546/2023

ഫോൺ: 0471-2322946
ഇ-മെയിൽ: cru.pwdbl@kerala.gov.in

പൊതുമരാമത്ത് വകുപ്പ്
ചീഫ് എഞ്ചിനീയറുടെ കാര്യാലയം
കെട്ടിടങ്ങൾ (വർക്ക്സ്)
പബ്ലിക് ഓഫീസ് കോംപ്ലക്സ്,
തിരുവനന്തപുരം(പിൻ-695033).

CEPWD-GEN/113/2022-HC(W)-BL തീയതി:16-02-2023

പ്രേഷകൻ,
ചീഫ് എഞ്ചിനീയർ

സ്വീകർത്താവ്,
ചീഫ് എഞ്ചിനീയർ (ഭരണ വിഭാഗം)
ചീഫ് എഞ്ചിനീയറുടെ കാര്യാലയം
പൊതുമരാമത്ത് വകുപ്പ്

സർ,

വിഷയം: പൊ.മ.വ - (കെട്ടിടങ്ങൾ) - വിശ്രമ കേന്ദ്രങ്ങളിൽ സ്റ്റാൻഡേർഡ് ചെക്കിങ് ടൈം, ചെക്ക് ഔട്ട് ടൈം നിശ്ചയിക്കുന്നത് - സർക്കാർ ഉത്തരവ് GO(Ms) നം.8/2023/PWD തീയതി 30/01/2023 - വ്യക്തതയും വിശദീകരണവും നൽകുന്നത് - സംബന്ധിച്ച്.

സൂചന:
1. സർക്കാർ ഉത്തരവ് GO(Ms) നം.8/2023/PWD തീയതി 30/01/2023
2. ആ കാര്യാലയത്തിലെ CE/Admin/IT/RH/15732/2023 Dated 15-02-2023

മേൽ സൂചനകളിലേക്കും വിഷയത്തിലേക്കും ശ്രദ്ധ ക്ഷണിച്ചു കൊള്ളുന്നു.

മേൽ സൂചന ഒന്ന് പ്രകാരം ഉത്തരവ് ഇറങ്ങുന്നതിന് മുൻപ് വരെ, പൊതുമരാമത്ത് വകുപ്പ് വിശ്രമ കേന്ദ്രങ്ങളിൽ സ്റ്റാൻഡേർഡ് CHECK-IN ടൈം CHECK-OUT ടൈം നിശ്ചയിച്ചിട്ടില്ലയിരുന്നു. G.O. (P) No.58/2013/PWD Dated, Thiruvananthapuram, തീയതി 17.07.2013 പ്രകാരമുള്ള ഒക്കുപേഷൻ റൂളിൽ, ബുക്ക് ചെയ്യുന്ന ദിവസത്തെ അർദ്ധരാത്രി 12 മണി മുതൽ അടുത്ത ദിവസം അർദ്ധരാത്രി 12 മണി വരെ ഉള്ളിൽ എപ്പോൾ വേണമെങ്കിലും CHECK-IN ചെയ്യുകയും CHECK-IN ചെയ്യുന്ന സമയം മുതൽ അടുത്ത 24 മണിക്കൂർ വരെ താമസിക്കാനുള്ള അവകാശവും ഉണ്ടായിരുന്നു.

ഉദാ: 1-1-2023 മുതൽ 2-1-2023 ഒരു മുറി ബുക്ക് ചെയ്യുമ്പോൾ 1-1-2023 രാത്രി 7 മണിക്ക് CHECK-IN ചെയ്യുന്ന ആളിന് 2-1-2023 വൈകുന്നേരം 7 മണി വരെ 24 മണിക്കൂർ താമസിക്കാനുള്ള അവകാശം 2013 ലെ ഒക്കുപ്പേഷൻ റോൾ പ്രകാരം വ്യവസ്ഥ ചെയ്തിരുന്നു. ഇതുകാരണം ഓൺലൈൻ പോർട്ടലിലൂടെ 2-1-2023 പുതിയൊരു ബുക്കിംഗ് എടുക്കാൻ സാധ്യമല്ലാതെ വന്നിരുന്നു. ഈ സാഹചര്യം വകുപ്പിൽ ഓൺലൈൻ ബുക്കിംഗ് തുടങ്ങിയ കാലം മുതൽ നിലനിന്നു വരുന്നു. ഇതിലൂടെ ശരാശരി ഒരു മാസത്തിന്റെ പകുതിയോളം ബുക്കിംഗ്

ഓൺലൈൻ കൂടി സാധ്യമല്ലാതെ വരികയും ഫലത്തിൽ ഓരോ CHECK-OUT തീയതിയിലും പുതിയൊരു ബുക്കിംഗ് സൈറ്റ് എടുക്കാതിരിക്കുകയും CHECK-OUT ദിവസം ഒരു കൗണ്ടർ ബുക്കിംഗ് ലഭിച്ചില്ലെങ്കിൽ ആ ദിവസം രാത്രി മുറി ആർക്കും ഉപയോഗമില്ലാതെ ഒഴിഞ്ഞു കിടക്കുകയും അത് സർക്കാരിനും പൊതുജനത്തിന് നഷ്ടം ഉണ്ടാവുകയും ആയിരുന്ന സാഹചര്യം ആണ് ഉണ്ടായിരുന്നത്.

സൂചന 1 പ്രകാരമുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന മാറ്റങ്ങൾ കൊണ്ടുവരാൻ നടപടികൾ സ്വീകരിക്കണമെന്നു അറിയിക്കുന്നു.

1. പൊതുവായ CHECK-IN സമയം ഒരു ദിവസത്തിന്റെ ഉച്ചയ്ക്ക് 12 മണിക്കും, CHECK-OUT സമയം ദിവസം രാവിലെ 11 മണിക്കും ആയി നിശ്ചയിച്ച് ഓൺലൈൻ പോർട്ടലിൽ വേണ്ട മാറ്റങ്ങൾ കൊണ്ടുവരിക.
2. വിശ്രമ കേന്ദ്രത്തിലെ ഡ്യൂട്ടി ഓഫീസർ CHECK-OUT വിവരം സൈറ്റിൽ അപ്ഡേറ്റ് ചെയ്യുന്നത് ഒഴിവാക്കി സിസ്റ്റം തന്നെ സ്വമേധയാ ചെക്ക്ഔട്ട് ചെയ്യുന്ന രീതി നടപ്പിലാക്കണം, എന്നാൽ CHECK-IN വിവരങ്ങൾ ഡ്യൂട്ടി ഓഫീസർ തന്നെ അപ്ഡേറ്റ് ചെയ്യുന്ന രീതി തുടരേണ്ടതാണ്.
3. ടൂർ എക്സ്റ്റൻഷൻ വേണ്ടിവരുന്ന സാഹചര്യത്തിൽ മുറി ഒഴിവുള്ളപ്പോൾ എക്സ്റ്റൻഷൻ സമയം കഴിഞ്ഞ് സ്വമേധയാ സിസ്റ്റം ചെക്ക് ഔട്ട് ചെയ്യുന്ന രീതി നടപ്പിലാക്കേണ്ടതാണ്.
4. സൂചന 1 ഉത്തരവ് പ്രകാരം എക്സ്റ്റൻഷൻ തുക താരിഫ് ഓൺലൈൻ പോർട്ടലിൽ അപ്ഡേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ കൈക്കൊള്ളുക.
5. ഓൺലൈൻ ബുക്കിംഗ് പോർട്ടലിൽ ബുക്ക് ചെയ്യുന്ന സമയത്ത് തീയതി സെലക്ട് ചെയ്യുമ്പോൾ തന്നെ CHECK-IN സമയവും CHECK-OUT സമയവും വ്യക്തമായി അപേക്ഷകന് കാണാവുന്ന രീതിയിൽ നൽകേണ്ടതാണ്. ബുക്കിംഗ് ശേഷം നൽകുന്ന CONFIRMATION ലെറ്ററിൽ CHECK-IN, CHECK-OUT സമയവും വ്യക്തമാക്കേണ്ടതാണ്.
6. വിശ്രമകേന്ദ്രത്തിലെ ഡ്യൂട്ടി ഓഫീസർ നൽകിയിട്ടുള്ള എംപ്ലോയീസ് ലോഗിനിൽ തന്നെ റൂം അവൈലബിലിറ്റി കാണാനുള്ള സൗകര്യം കൂടി ചേർക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

BEENA L

CHIEF ENGINEER

Signed by
Beena L
Date: 16-02-2023 23:56:14